കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ (പി) 115/09/പൊ.വി. തീയതി, തിരുവനന്തപുരം, 27.05.2009

പരാമർശം 1. 10.09.2004-ലെ സർക്കാർ ഉത്തരവ് (പി) നം.12/04/ഉ ഭ പ വ.
2. 04.12.2007-ലെ സർക്കാർ ഉത്തരവ് (പി) നം.6/07/ഉ ഭ പ വ.
3. 24.11.200-ലെ 58958/യു.1/07/പൊ.വി.വ. -ാം നമ്പർ കത്ത്
4. 10.07.2008-ലെ ഡബ്ല്യു.പി.(സി)നം.17430/08 നമ്പർ കേസിലുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവ്.

## ഉത്തരവ്

ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പൊതു സ്ഥലംമാറ്റം വർഷത്തിൽ ഒരിക്കൽ മാത്രം നടത്തുന്നതാണ്. അത് മധ്യവേനലവധിക്കാലത്തായിരിക്കും നടത്തുക. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ എല്ലാ വർഷവും മാർച്ച് 15നകം ഹയർ സെക്കണ്ടറി ഡയറക്ടർക്ക് ലഭിക്കത്തക്ക വിധം ക്രമീകരിക്കുന്നതാണ്.

1. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റമാകും ആദ്യം നടത്തുക. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തെത്തുടർന്ന് ഏതെങ്കിലും ഹയർ സെക്കണ്ടറി അധ്യാപിക/അധ്യാപകന് സ്കൂൾ മാറ്റം അനിവാര്യമാകുകയാണെങ്കിൽ, അവർക്കു സൗകര്യപ്രദമായ മറ്റ് സ്കൂളുകളിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതും, പ്രസ്തുത അപേക്ഷകൾ കൂടി പരിഗണിച്ചാകും ഹയർ സെക്കണ്ടറി അധ്യാപക പൊതുസ്ഥലംമാറ്റം നടത്തുക.
2. പൊതുസ്ഥലംമാറ്റത്തിന് ശേഷം വരുന്ന ഒഴിവുകളിൽ നീക്കുപോക്ക് സ്ഥലംമാറ്റം ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കുന്നതാണ്.
3. സാധാരണഗതിയിൽ ഒക്ടോബറിന് ശേഷം നീക്കുപോക്ക് സ്ഥലംമാറ്റം അക്കാദമിക കാരണങ്ങളാൽ നടത്തുന്നതല്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ ഒഴിവുകൾ

ഇടക്കാലത്ത് ലഭ്യമാകുന്ന പക്ഷം അവയിലേയ്ക്ക് പി.എസ്.സി. വഴി പുതുതായോ. പ്രമോഷൻ/ബൈ ട്രാൻസ്ഫർ വഴിയോ നിയമനം നടത്തുകയാണെങ്കിൽ പ്രസ്തുത നിയമനത്തിനു മുമ്പ് ഒഴിവുള്ള ഇടങ്ങളിലേയ്ക്ക് സ്ഥലംമാറ്റ അപേക്ഷകരുണ്ടെങ്കിൽ അവരുടെ സ്ഥലംമാറ്റം പരിഗണിക്കുന്നതാണ്.

4. സ്ഥലംമാറ്റങ്ങൾക്ക് മാർച്ച് മാസം നൽകുന്ന പൊതുസ്ഥലംമാറ്റ അപേക്ഷയായിരിക്കും പരിഗണിക്കുക.

*2.* ഒരു സ്ഥാപനത്തിൽ മൂന്ന് വർഷം തുടർച്ചയായി ജോലി ചെയ്യുവർക്കേ സ്ഥലംമാറ്റത്തിന് സാധാരണ ഗതിയിൽ അർഹതയുണ്ടാകൂ. എന്നിരുന്നാലും യോഗ്യരായ അപേക്ഷകരില്ലാത്ത ഒഴിവുകളിലേയ്ക്ക് ഒരു സ്ഥാപനത്തിൽ മൂന്ന് വർഷത്തിൽ കുറവ് ജോലി ചെയ്യുവരേയും പരിഗണിക്കുന്നതാണ്.

*3.* ഹയർ സെക്കണ്ടറി സർവീസ് ദൈർഘ്യം ആയിരിക്കും സ്ഥലംമാറ്റത്തിന് അപേക്ഷകരുടെ സീനിയോരിറ്റി കണക്കാക്കാനുള്ള മാനദണ്ഡം.

1. ഹയർ സെക്കണ്ടറി സീനിയർ അധ്യാപിക/അധ്യാപകനായി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.
2. പി.എസ്.സി.വഴി ഹയർ സെക്കണ്ടറി സീനിയർ അധ്യാപിക/അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും, അഡ്വൈസ് ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.
3. ഹയർ സെക്കണ്ടറി സീനിയർ അധ്യാപിക/അധ്യാപകനായി ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപക തസ്തികയിൽ നിന്ന് പ്രൊമോഷൻവഴിയാണ് നിയമനമെങ്കിൽ പ്രൊമോഷൻ ഉത്തരവിന്റെ തീയതിയും, ഉത്തരവിലെ ക്രമനമ്പരുമാകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.
4. ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപിക/അധ്യാപകനായി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.
5. പി.എസ്.സി.വഴി ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപിക/അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും, അഡ്വൈസ് ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.
6. പി.എസ്.സി.വഴി ഹയർ സെക്കണ്ടറി സീനിയർ അധ്യാപിക/അധ്യാപകൻ, ഹയർ സെക്കണ്ടറി ജൂനിയർ അധ്യാപിക/അധ്യാപകനായി നിയമിക്കപ്പെട്ടവർ ജോലിയിൽ ചേർന്നത് നിയമന തിയതിയ്ക്ക് മൂന്ന് മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോരിറ്റി കണക്കാക്കുന്നതാണ്.
7. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൊഴികെയുള്ള അന്യത്ര സേവനകാലം, വിദേശത്തോ, ഇന്ത്യയ്ക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ തേടുന്നതിന് വേണ്ടിയെടുത്ത ശമ്പള രഹിത അവധിക്കാലം, വിദേശത്തോ ഇന്ത്യയ്ക്കുള്ളിലോ ഭാര്യ/ഭർത്താവിനോടൊപ്പം ചേരുന്നതിന് വേണ്ടിയെടുത്ത ശമ്പള രഹിത അവധിക്കാലം, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വകാര്യ

ആവശ്യത്തിന് എടുത്ത ശമ്പള രഹിത അവധിക്കാലം എന്നിവ സ്ഥലംമാറ്റത്തിന് സീനിയോരിറ്റി കണക്കാക്കുന്നതിന് പരിഗണിക്കുന്നതല്ല.

4. മാർച്ച് 31 വച്ചാകും പൊതു സ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുക.

5. പരസ്പര സ്ഥലംമാറ്റ (മ്യൂച്ചൽ ട്രാൻസ്ഫർ) അപേക്ഷകൾ പരിഗണിക്കപ്പെടുകയില്ല.

6. അധ്യാപിക/അധ്യാപകൻ മേലധികാരി മുഖേന നൽകുന്ന അപേക്ഷയല്ലാതെ അവരുടെ ബന്ധുക്കളോ ആശ്രിതരോ നൽകുന്ന സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7. വിരമിക്കാൻ രണ്ട് വർഷം മാത്രം സർവ്വീസുള്ളവർക്ക് പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ സ്ഥലംമാറ്റം ചെയ്യുമ്പോൾ വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക.

8. 10.09.2004-ലെ സ.ഉ.(പി) നം.12/04/ഉപേവ ഉത്തരവിലെ മാനദണ്ഡം നമ്പർ 18-ൽ പറഞ്ഞിട്ടുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ, വികലാംഗർ, സർവ്വീസിലുള്ള ജവാൻമാരുടെ ആശ്രിതർ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ തുടങ്ങിയവർക്ക് സ്ഥലംമാറ്റത്തിന് നിലവിലുള്ള പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്. ഈ പരിഗണന ലഭിക്കണമെങ്കിൽ അപേക്ഷക/അപേക്ഷകൻ 3 വർഷം കുറഞ്ഞ സർവ്വീസ് പൂർത്തിയാക്കിയിരിക്കണം. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ഡോക്ടർമാർ പുറപ്പെടുവിച്ചതും, ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതുമായ രേഖകളുടെ പകർപ്പുകൾ സ്ഥലംമാറ്റ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ആയതിന്റെ അസ്സൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന സ്കൂൾ മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. പരാമർശം (2) പ്രകാരം മിശ്രവിവാഹിതർക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ തുടർന്നും അനുവദിക്കുന്നതായിരിക്കും.

9. അനുകമ്പാർഹ സ്ഥലംമാറ്റം പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതാണ്. ആകെയുള്ള ഒഴിവിന്റെ 10%-ൽ കൂടുതൽ ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താൻ പാടുള്ളതല്ല. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിർബന്ധമായും ഇത്തരം സ്ഥലംമാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.

1. അപകടം വഴിയോ ഗുരുതരമായ രോഗംമൂലമോ സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.
2. കാൻസർ പോലുള്ള ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപെട്ടവർ.
3. ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങി അധ്യാപിക/അധ്യാപകനെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടിപെടുകയും

അധ്യാപിക/അധ്യാപകന്റെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ (രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം).

4. അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് അയക്കേണ്ടതുമാണ്.
5. ഇത്തരം സ്ഥലംമാറ്റത്തിന് മുൻഗണനാലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ പരിഗണന അർഹിക്കുന്നവർ ഒന്നിലധികം ഉണ്ടാവുകയാണെങ്കിൽ അധ്യാപിക/അധ്യാപകന്റെ ആകെ സർവ്വീസ് ദൈർഘ്യം കൂടി പരിഗണിക്കുന്നതാണ്.
6. ഹയർ സെക്കണ്ടറി ഡയറക്ടർ ചെയർപേഴ്സണും, ഹയർ സെക്കണ്ടറി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയായിരിക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടത്.

*10.* സൈനിക സേവനത്തിടെ മരണമടഞ്ഞ/ അംഗവൈകല്യം ബാധിച്ച ജവാന്റെ ഭാര്യ/ഭർത്താവിന് പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇത്തരക്കാർക്ക് ഒരേ സ്ഥാപനത്തിലെ കുറഞ്ഞ സർവ്വീസ് ദൈർഘ്യം പരിഗണിക്കേണ്ടതില്ല. ഇവർ സൈനിക മേധാവികളിൽ നിന്നോ, സൈനിക ക്ഷേമ ഡയറക്ടറിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

*11.* ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് സീനിയോരിറ്റി കണക്കാക്കുന്നത് ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചായിരിക്കും. മേൽപ്പറഞ്ഞ സ്കൂളുകളിൽ ജോലി ചെയ്ത് രണ്ട് വർഷം പൂർത്തിയാക്കിയവർക്ക് അത് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്. തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസായി പരിഗണിക്കുന്നതാണ്. രണ്ട് വർഷത്തിൽ കുറവ് സർവ്വീസുള്ളവർക്ക് ഈ ആനുകൂല്യം ബാധകമാക്കുകയില്ല. (ഇത്തരം സ്കൂളുകളുടെ ലിസ്റ്റ് ഹയർ സെക്കണ്ടറി ഡയറക്ടർ പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്).

*12.* ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം ആഗ്രഹിക്കുന്ന അധ്യാപിക/അധ്യാപകന് സ്ഥലംമാറ്റ അപേക്ഷയ്ക്ക് നിലവിലെ സ്ഥാപനത്തിൽ മൂന്ന് വർഷം സർവ്വീസ് വേണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതാണ്.

*13.* സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മറ്റു കാര്യങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഹയർ സെക്കണ്ടറി അധ്യാപകർക്കും ബാധകമായിരിക്കും.

*14.* ഹയർ സെക്കണ്ടറി അധ്യാപക സ്ഥലംമാറ്റത്തിന്റെ പൂർണ്ണമായ അധികാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഭരണപരമായ

കാരണങ്ങളാലോ പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിലോ ഈ മാനദണ്ഡങ്ങൾ ഇളവുചെയ്തുകൊണ്ട് അധ്യാപക സ്ഥലംമാറ്റം നടത്താനുള്ള അധികാരം ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

15. സ്ഥലംമാറ്റം സംബന്ധിച്ച എല്ലാ നടപടികൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
*റ്റി.കെ.നാരായണൻ*
*ജോയിന്റ് സെക്രട്ടറി*

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, എറണാകുളം
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, കോഴിക്കോട്.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (റ്റി/എസ്.സി) വകുപ്പുകൾക്ക്
വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-ബി) വകുപ്പിന്
(03.03.2009-ലെ 2509/ബി.3/09/ഉഭപവ. പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*